# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 4303*

*17/05/2017-ലെ മറുപടി*

## *വടകര-മാഹി കനാൽ നിർമ്മാണ പ്രവർത്തനം*

**ചോദ്യം**

**ശ്രീ. പാറക്കൽ അബ്ദുല്ല**

എ. കോസ്റ്റൽ ഷിപ്പിങ്ങ് ആന്റ് ഇൻലാൻറ് നാവിഗേഷൻ വകുപ്പിനു കീഴിലുള്ള വടകര-മാഹി കനാൽ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ;

ബി. എത്ര റീച്ചുകളായിട്ടാണ് ഇപ്പോൾ പ്രവൃത്തി നടന്ന് വരുന്നത് ; ഓരോ റീച്ചിലേയും ഇതിന്റെ വിശദാംശങ്ങൾ നൽകുമോ ;

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

എ. & ബി. 17.61 കി.മീ. നീളമുള്ള വടകര-മാഹി കനാലിന്റെ നിർമ്മാണം ഇപ്പോൾ 5 റീച്ചുകളിലായി നടന്നു വരുന്നു. 450.080 കി.മീ. മുതൽ 454.080 കി.മീ. വരെയുള്ള റീച്ച്-1 -ന്റെ പ്രവൃത്തി നബാർഡ് 18 -ൽ ഉൾപ്പെടുത്തി 20 ശതമാനം പൂർത്തീകരിച്ച ശേഷം സാങ്കേതിക കാരണങ്ങളാൽ ഫോർക്ലോസ് ചെയ്തു. കനാലിന്റെ അടിഭാഗത്തെ ചെളി നിറഞ്ഞ മണ്ണിന്റെ പ്രത്യേകത കാരണം പാറ ഉപയോഗിച്ചുള്ള പാർശ്വഭിത്തികൾ ഇടിഞ്ഞ് താഴ്ന്നതിനാൽ കനാൽ പാർശ്വങ്ങളിൽ കൂടുതൽ സ്ഥലം ഏറ്റെടുത്ത് വേണ്ടത്ര ചരിവോടെ സൈഡ് വെട്ടി കനാൽ പൂർത്തീകരിക്കുവാനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

454.080 കി.മീ. മുതൽ 457.080 കി.മീ. വരെയുള്ള റീച്ച്-2 -ന്റെ പ്രവൃത്തി 13 -ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. എന്നാൽ കനാൽ പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കുന്നതിനായി അത്യാവശ്യമായ പണികൾ ഉൾപ്പെടുത്തി നവീകരിച്ച എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുള്ളതും അതിൻ പ്രകാരം

ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

457.380 കി.മീ. മുതൽ 460.62 കി.മീ. വരെയുള്ള റീച്ച്-3 -ന്റെ പ്രവൃത്തി 13 -ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 50 ശതമാനം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തിയുടെ നവീകരിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നു.

460.62 കി.മീ. മുതൽ 464.21 കി.മീ. വരെയുള്ള റീച്ച്-4 -ന്റെ പ്രവൃത്തി 13 -ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് പ്രകാരം 93 ശതമാനം പൂർത്തീകരിച്ചു. കനാൽ പൂർണ്ണ തോതിൽ ഗതാഗതയോഗ്യമാക്കുന്നതിനായി അത്യാവശ്യ പണികൾ ഉൾപ്പെടുത്തി നവീകരിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ബാക്കി പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

464.21 കി.മീ. മുതൽ 467.69 കി.മീ. വരെയുള്ള റീച്ച്-5 -ന്റെ പ്രവൃത്തി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 29 ശതമാനം പൂർത്തീകരിച്ചു. എന്നാൽ കനാൽ നിർമ്മാണത്തിനാവശ്യമായ സ്ഥല പരിമിതി മൂലം നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

| | | |
|---|---|---|
| **സി.** | 1, 3, 5 എന്നീ റീച്ചുകളിലെ പ്രവൃത്തികൾ ചില സാങ്കേതിക കാരണങ്ങളാൽ വഴിമുട്ടി നിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | **സി.** ഉണ്ട് |

**ഡി.** എങ്കിൽ ഒരു ഉന്നത ഉദ്യോഗസ്ഥ സംഘത്തെ സ്ഥലം സന്ദർശിക്കുന്നതിന് നിയോഗിക്കുമോ ;

**ഇ.** അല്ലെങ്കിൽ സമയ ബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ ?

**ഡി. & ഇ.** വടകര-മാഹി കനാൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ, ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം ഗവ. ഐ.ഐ.റ്റി. യിലെ റിട്ട. പ്രൊഫ. ഡോ. കെ. ബാലൻ, ഡൽഹി ഐ.ഐ.റ്റി യിലെ റിട്ട. പ്രൊഫസ്സർ ഡോ. കെ. അരവിന്ദൻ തുടങ്ങിയവർ സന്ദർശിക്കുകയും ആവശ്യമായ പഠനങ്ങൾക്ക് ശേഷം സാങ്കേതിക ഉപദേശങ്ങൾ നല്കിയിട്ടുള്ളതുമാണ്. ഈ നിർദ്ദേശങ്ങൾ പ്രകാരം തുടർന്നുള്ള കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**